

# ഗവ. എൽ. പി. സ്കൂൾ
# പ്രാക്കുളം



## അക്കാദമിക - മാസ്റ്റർപ്ലാൻ
## 2025 - 2026

# ഗവ. എൽ. പി. സ്കൂൾ
# പ്രാക്കുളം

## അക്കാദമിക - മാസ്റ്റർപ്ലാൻ

## 2025 - 2026

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. അടിസ്ഥാന വിവരങ്ങൾ
4. വിദ്യാലയത്തിന്റെ ലഘുചരിത്രം
5. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്
6. പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ
7. മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശങ്ങൾ

## ആമുഖം

2025 – 26 അക്കാദമിക വർഷം സമഗ്ര ഗുണമേന്മ വർഷമാണ്. മേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. ഓരോ കുട്ടിയും അതത് ക്ലാസ്സിൽ നേടണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠന ലക്ഷ്യങ്ങൾ ആർജിച്ചു മുന്നേറാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിൽ അധ്യാപകർക്ക് അതിപ്രധാന ഉത്തരവാദിത്വം ഉണ്ട്. അറിവെന്നാൽ പാഠപുസ്തകത്തിൽ നിന്നും ലഭിക്കുന്ന ഒന്നായി പരിമിതപ്പെടുത്തുവാൻ കഴിയില്ല. വിവേകവും വിവേചന ബുദ്ധിയും സഹജീവി സ്നേഹവും വിമർശനാത്മക ബുദ്ധിയും എല്ലാം കുട്ടികളിൽ അങ്കു രിക്കുകയും വികസിക്കുകയും വേണം. പഠനമെന്നാൽ പരീക്ഷയെ മാത്രം ലക്ഷ്യം ഇടേണ്ട ഒന്നല്ല. ഒരു സമൂഹത്തിൽ എങ്ങനെ ജീവിക്കണം എങ്ങനെ പെരുമാറണം എന്നുള്ളതിന്റെ പരിശീലന കളരി കൂടിയാണ് വിദ്യാലയം. ഇതിന്റെ ഭാഗമായി സ്കൂൾ തുറന്നു ആദ്യത്തെ രണ്ടാഴ്ച ചുരുങ്ങിയത് ഒരു മണിക്കൂർ പൊതുവായി കുട്ടികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഏഴു മേഖലകളായി തിരിച്ച്( പൊതു കാര്യങ്ങൾ, റോഡിലൂടെയും സ്കൂൾ വാഹനത്തിലും സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വ്യക്തി ശുചിത്വം ,പരിസര ശുചിത്വം ,ഹരിത ക്യാമ്പസ്, ആരോഗ്യം വ്യായാമം, ഡിജിറ്റൽ അച്ചടക്കം പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണം) വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ബോധ്യപ്പെടുത്തുകയും പാഠഭാഗവുമായി ബന്ധപ്പെടുത്തി തുടർ പ്രവർത്തനത്തിനുള്ള അവസരം ഒരുക്കുന്നു.

സമഗ്ര ഗുണ മേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി മൂല്യനിർണയ രീതിയിൽ വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു. കാണാപ്പാഠം പഠിച്ച് മാർക്ക് നേടിയത് കൊണ്ട് അതിജീവിക്കാവുന്ന ഒരു അവസ്ഥയിൽ അല്ല നിലവിലെ ലോക സാഹചര്യവും. ആർജിത അറിവ് ആത്മവിശ്വാസത്തോടെ പ്രശ്നപരിഹരണത്തിന് വിനിയോഗിക്കാൻ കഴിയുന്ന തലത്തിലേക്ക് നമ്മുടെ മുഴുവൻ കുട്ടികളും ഉയരണം.

കൊല്ലം ജില്ലയിൽ തൃക്കരുവ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പ്രാക്കുള ഗവ. എൽ. പി. സ്കൂൾ അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങളിൽ ജില്ലയിലെ വിദ്യാലയങ്ങൾക്കൊരു മികച്ച മാതൃകയാണ്. പ്രീ - പ്രൈമറി മുതൽ നാലാം ക്ലാസ് വരെ 211 കുട്ടികളും 11 അധ്യാപകരും 2 അനധ്യാപകരും ജോലിചെയ്യുന്നു. ഒന്നു മുതൽ 4 വരെ ക്ലാസുകളിലായി ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ 8 ഡിവിഷനുകളായി പ്രവർത്തിക്കുന്നു.

സ്കൂളിന്റെ അക്കാദമിക മികവ് വിലയിരുത്തുന്ന പരീക്ഷയായ എൽ. എസ്. എസ്. പരീക്ഷയിൽ തുടർച്ചയായി മികച്ച വിജയം നേടാൻ കഴിഞ്ഞു. (2023-24-10 കുട്ടികൾ, 2024-25-9 കുട്ടികൾ) പഠന നിലവാരത്തിലും കലാകായിക മേഖലയിലും തൃക്കരുവ പഞ്ചായത്തിലെ മികച്ച വിദ്യാലയമാകാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വിവിധ മേഖലയിൽ ഉന്നത സ്ഥാനങ്ങളിൽ സാന്നിദ്ധ്യമറിയിച്ച നിരവധിപേർ ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളാണ്. എസ്.എം.സിയുടെയും അധ്യാപകരുടേയും സമൂഹത്തിലെ സൻമനസുള്ള വ്യക്തികളുടേയും സഹകരണത്തോടെ വിപുലമായ ഉച്ചഭക്ഷണം ഒരുക്കാൻ ഞങ്ങൾക്ക് കഴിയുന്നുണ്ട്.

**ലക്ഷ്യങ്ങൾ:-**

**ഹ്രസ്വകാല ലക്ഷ്യങ്ങൾ**

1. $E^3$ പരിശീലനത്തിലൂടെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം ഉയർത്തുക.
2. ടാലന്റ് ലാബ് പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിലൂടെ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വളർത്തുന്നു.

**ദീർഘകാല ലക്ഷ്യങ്ങൾ**

1. മതനിരപേക്ഷ ജനാതിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗക്കാർക്കും ഉറപ്പുവരുത്തുക.
2. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യമാക്കുന്നു.
3. എൽ. കെ. ജി മുതൽ 4-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തനങ്ങളുടെ അവ സമയ ബന്ധിതമായി നടപ്പാക്കുന്നതിന് ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
4. വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാം വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
5. സമഗ്ര ഗുണമേൻമ പരിപാടിയുടെ ഭാഗമായി എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പുവരുത്തുന്നതിനായി ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
6. പുതിയ പാഠപുസ്തകത്തിലെ എഴുത്തുകാരെ പരിചയപ്പെടുത്തുന്നു.
7. കലാകായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകികൊണ്ട് പതിവ് പരിപാടികൾക്ക് പുറമേ ഈ വർഷം മുതൽ ആഴ്ചയിൽ ഒരു ദിവസം സൂമ്പാ പരിശീലനം നൽകുന്നു.

## പ്രവർത്തന പദ്ധതിയും പ്രവർത്തന കലണ്ടറും

## E- Cube English Language Lab

**ആമുഖം**

വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി Kerala Infrastructure and Technology for Education (KITE) രൂപകല്പന ചെയ്ത പ്രോജക്ടാണ് E-Cube English. പ്രധാനമായും 3 ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. സമഗ്ര ഇ - ലൈബ്രറി, ഇ-ലാംഗ്വേജ് ലാബ്, ഇ-ബ്രോഡ്കാസ്റ്റ്.

**ലക്ഷ്യങ്ങൾ**

1. Provide practical experience to learners to listen, speak, read and write English.
2. Acquisition of English through engagement and interaction.

**Advantages:-**

The following are some of the advantages of E-Cube English Language Lab

- Experience in using the interactive multimedia software content and activities promote the English Language proficiency of all students in a gaming and enjoyable atmosphere.
- Students have access to high quality stories and activities related to the learning outcomes.
- The course content in the E-cube English Language lab enriches students' listening, speaking, reading and writing skills in an integrated manner in meaningful contexts.
- Students can record theirown voices, videos, and playback the recordings and if needed, they can modify and resubmit their recordings.
- It allow students to enhance and enrich the skills and competencies acquired in class by putting them in to practice through interactive activities.
- Reportcards such as activity report and participation report of each student can be generated from the software.
- It is highly useful for students and teachers for improving their confidence and proficiencies in using English.

**പ്രവർത്തന കലണ്ടർ**

| പ്രവർത്തനം | കാലയളവ് |
|---|---|
| $E^3$-ലാബ് സജ്ജമാക്കുന്നു | ജൂൺ |
| കുട്ടികൾക്ക് ഓഡിയോ കേൾക്കാനുള്ള അവസരം നൽകുന്നു | ജൂൺ അവസാന ആഴ്ച |
| Listening activities ആരംഭിക്കുന്നു | ജൂലൈ |
| കോഴ്സ് ആക്ടിവിറ്റികൾ | ആഗസ്റ്റ് |
| അസൈൻമെന്റ് ആക്ടിവിറ്റികൾ | സെപ്റ്റംബർ |

**ടാലന്റ് ലാബ്**

**ആമുഖം**

വിദ്യാർത്ഥികളിലെ പലവിധ കഴിവുകളിൽ ഏറ്റവും മികച്ചവ കണ്ടെത്തി പരിശീലനം നൽകി പ്രതിഭകളാക്കുന്ന പദ്ധതിയാണ് ടാലന്റ് ലാബ്. ഈ പദ്ധതിയിലൂടെ സ്ക്കൂൾ മുഴുവൻ ടാലന്റ് ലാബായി പ്രവർത്തിക്കുന്നു. കുട്ടിയുടെ അഭിരുചി തിരിച്ചറിഞ്ഞ് ആ മേഖലയിലേക്ക് ഉയരാൻ പ്രാപ്തരാക്കുന്നു. പഠന പുരോഗതി മാത്രമല്ല, സ്വയം തിരിച്ചറിയൽ, സർഗ്ഗാത്മക ചിന്ത, നിരീക്ഷണ പാടവം,

നേതൃപാടവം, ആശയവിനിമയശേഷി, സഹഭാവം തുടങ്ങിയവ ആർജ്ജിക്കാനും കുട്ടികളിൽ അന്തർലീനമായ കഴിവുകൾ വികസിപ്പിക്കാനും ടാലന്റ് ലാബിലൂടെ സാധിക്കുന്നു.

**ലക്ഷ്യങ്ങൾ**

- ഓരോ കുട്ടിക്കും അഭിരുചിയുള്ള മേഖലയിൽ സ്കൂൾ പഠനകാലത്ത് പ്രോത്സാഹനവും പിന്തുണയും അവസരങ്ങളും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

  സാംസ്കാരിക വൈവിധ്യം തിരിച്ചറിഞ്ഞ് സാംസ്കാരികാവബോധം വളർത്തുക.
- അവതരണശേഷി വികസിപ്പിക്കുക
- നേതൃപാടവം വികസിപ്പിക്കുക
- കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുക
- പൊതുസമൂഹത്തിന്റെ ക്രിയാത്മകമായ പങ്കാളിത്തം പൊതുവിദ്യാലയങ്ങളിൽ ഉറപ്പാക്കുക.

**പ്രവർത്തന കലണ്ടർ**

| | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കുട്ടികളുടെ അഭിരുചി മേഖലകൾക്കനു-സരിച്ചുള്ള സാധനങ്ങൾ വാങ്ങുന്നു. | മേയ് - ജൂൺ |
| | ഓരോ ക്ലാസ്സിൽ നിന്നും വൈദഗ്ദ്ധ്യമുള്ള 5 കുട്ടികളെ വീതം കണ്ടെത്തുന്നു. ഓരോ വിഭാഗത്തിലും പരിശീലനം നൽകാൻ കഴിവുള്ള ആൾക്കാരെ കണ്ടെത്തുന്നു. | ജൂൺ |
| | പരിശീലനം ആരംഭിക്കുന്നു | ജൂലൈ |
| | പുരോഗതി വിലയിരുത്തൽ | ഓഗസ്റ്റ് |
| | സ്ക്കൂൾതല മത്സരം | സെപ്തംബർ - ഒക്ടോബർ |
| | വിജയികൾക്ക് തീവ്രപരിശീലനം | ഒക്ടോബർ |
| | സബ്ജില്ലാ മത്സരത്തിൽ പങ്കെടുപ്പിക്കുന്നു | നവംബർ |

**II. പത്രവായന**

| | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | 2 മുതൽ 4 വരെ ക്ലാസിലെ കുട്ടികളെ അടുത്തറിയുന്നു | ജൂൺ |
| 2. | കുട്ടികളുടെ നിലവാരത്തിനുസരിച്ച് ഗ്രൂപ്പാക്കുന്നു.<br>1. അക്ഷരങ്ങൾ ഉറക്കുന്നതിനുള്ള പ്രവർത്തനം (പത്രം ഉപയോഗിച്ച്<br>2. അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ വായിക്കുന്നു.<br>3. വാക്കുകൾ ചേർത്ത് വാക്യങ്ങൾ വായിക്കുന്നു | ജൂലൈ-മാർച്ച് |
| 3. | അർത്ഥം മനസിലാക്കിയുള്ള വായന പരിശീലിക്കുന്നു | ഡിസംബർ-മാർച്ച് |

## III. ഗവ. എൽ. പി. എസ് പ്രാക്കുളം

### അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. എൽ. പി. എസ് പ്രാക്കുളം |
| വിലാസം | : | കാഞ്ഞാവെളി പി. ഒ. പ്രാക്കുളം |
| ഫോൺ | : | 0474 2704154 |
| ഇ മെയിൽ | : | govt7777@gmail.com |
| സ്കൂൾ കോഡ് | : | 41409 |
| വിദ്യാഭ്യാസ ഉപജില്ല | : | കൊല്ലം |
| റവന്യൂ ജില്ല | : | കൊല്ലം |
| ബി. ആർ. സി | : | കൊല്ലം |
| സി. ആർ. സി | : | തൃക്കരുവ |
| പഞ്ചായത്ത് | : | തൃക്കരുവ |
| ബ്ലോക്ക് പഞ്ചായത്ത് | : | ചിറ്റുമല |

## IV. വിദ്യാലയത്തിന്റെ ലഘു ചരിത്രം

### സ്കൂൾ ചരിത്രം

തൃക്കരുവായിലെ ഏറ്റവും പഴക്കംചെന്ന പള്ളിക്കൂടങ്ങളിൽ ഒന്നാണ് പ്രാക്കുളം ഗവ: എൽ. പി. സ്കൂൾ. 1901 – ൽ ഒൻപതിന്റഴികത്ത് ചാന്ദാൻ കൃഷ്ണൻ തന്റെ മകളെ അക്ഷരം പഠിപ്പിക്കുവാൻവേണ്ടി സ്വന്തം സ്ഥലത്ത് ആരംഭിച്ച വിദ്യാലയമാണ് പിൽക്കാലത്ത് പ്രാക്കുളം ഗവ: എൽ.പി. സ്കൂളായി മാറിയത്. സ്കൂളിന്റെ ആദ്യകാല നാമധേയം ബാലരാമ വിലാസിനി' എന്നായിരുന്നു. ശ്രീരാമ ഭക്തനും ഗുരുദേവന്റെ ഗൃഹസ്ഥ ശിഷ്യനുമായിരുന്ന തെക്കേകിഴക്കതിൽ കുഞ്ഞുരാമനാണ് സ്കൂളിന്റെ മാനേജർ എന്ന നിലയിൽ അറിയപ്പെട്ടിരുന്നത്. അദ്ദേഹം ചാന്ദാൻ കൃഷ്ണന്റെ ഭാഗിനേയനാണ്.

ശ്രീനാരായണ ഗുരുദേവൻ എസ്.എൻ.ഡി.പി. യോഗം സ്ഥാപിക്കുന്നതിനും രണ്ട് വർഷം മുമ്പാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. ഈഴവർ തുടങ്ങിയ അധഃസ്ഥിത സമുദായങ്ങൾക്ക് സഞ്ചാര സ്വാതന്ത്ര്യംപോലും നിഷേധിക്കപ്പെട്ടിരുന്ന അക്കാലത്ത് അനധികൃതമായി സ്കൂൾ സ്ഥാപിച്ചതിന്റെ പേരിൽ ശിക്ഷിക്കപ്പെടാതിരിക്കണമെങ്കിൽ സ്കൂൾ സർക്കാരിന് വിട്ടുകൊടുക്കണമെന്ന് കാണിച്ച് ഹുസൂറിൽനിന്ന് മാനേജർക്ക് നോട്ടീസ് ലഭിച്ചു. അങ്ങനെ 1906 ൽ സ്കൂൾ സർക്കാരിന് വിട്ടുകൊടുത്തു. പിന്നീട് സമുദായ നേതാക്കന്മാർ ഇടപെട്ട് സ്കൂൾ

മാനേജർക്കുതന്നെ തിരിച്ചുകൊടുപ്പിക്കുകയും, കുറേക്കാലം സ്കൂൾ എസ്.എൻ.ഡി.പി. യോഗത്തിന്റെ ഭരണത്തിൽ ഇരിക്കുകയും ചെയ്തു. ഒടുവിൽ യോഗം സ്കൂൾ മാനേജർക്കുതന്നെ തിരിച്ചുകൊടുത്തു. 1952 ൽ മാനേജർ കുഞ്ഞുരാമൻ സ്കൂൾ സർക്കാരിന് വിട്ടുകൊടുത്തു. അന്നു മുതൽ ഇത് ഒരു സർക്കാർ സ്കൂളായിട്ടാണ് അറിയപ്പെടുന്നത്.

2001 - 2002 വർഷകാലത്ത് ഈ സ്കൂളിന്റെ ശതാബ്ദി അതിഗംഭീരമായി ആഘോഷിക്കുകയുണ്ടായി. 20-12-2001 ൽ വർണ്ണശബളമായ വിളംബര ഘോഷയാത്രയോടുകൂടി ആരംഭിച്ച ആഘോഷ പരിപാടികൾ 2003 ജനുവരി 21, 22, 23, 24 തീയതികളിലായി നടന്ന വിവിധ പരിപാടികളോടെ സമാപിക്കുകയുണ്ടായി. ഒരു വർഷക്കാലം നീണ്ടുനിന്ന പരിപാടികളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ്, പൂർവ്വാദ്ധ്യാപകരേയും, സ്വാതന്ത്ര്യ സമരസേനാനികളേയും ആദരിക്കൽ, ചർച്ചാ സമ്മേളനങ്ങൾ, കവിയരങ്ങ്, പൂർവ്വ വിദ്യാർത്ഥി സംഗമം, സാംസ്കാരിക പൈതൃക പ്രദർശനം തുടങ്ങിയ വൈവിധ്യമാർന്ന ചടങ്ങുകളാണ് നടത്തപ്പട്ടത്. സമാപന സമ്മേളനത്തോടനുബന്ധിച്ച് ഒരു സാംസ്കാരിക ഘോഷയാത്രയും നടത്തുകയുണ്ടായി ശതാബ്ദി സ്മാരകമായി.

സാഫല്യം എന്ന പേരിൽ ഒരു സ്മരണികയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശതാബ്ദി ആഘോഷങ്ങൾക്ക് നേതൃത്വം നൽകിയത് സ്കൂൾ ഹെഡ്മിസ്ട്രസ് ജി. സെലിൻ യേശുദാസാണ്. പത്തുവർഷത്തോളം ശ്രീമതി. വിലാസിനി ടീച്ചറായിരുന്നു ഹെഡ്മിസ്ട്രസ്.

## V. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൗലോ ഫ്രെയുടെ സിദ്ധാന്തത്തേയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ മാറ്റാൻ കഴിയണം.

2. പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3. മാനവികത, സ്നേഹം, കരുണ വ്യക്തിശുചിത്വം സാമൂഹിക ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

4. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

5. ലോകത്ത് എവിടേയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിക്കുന്നതിനേക്കാൾ മികവാർന്ന ശേഷികളും ധാരണയും ഓരോ ക്ലാസിലേയും കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പിക്കൽ.

6. പാരിസ്ഥിതിക അവബോധത്തോടെയുള്ള ജീവിതവും വികസന സങ്കല്പങ്ങളും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ.

## VI. പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

- SRG യോഗം, സ്റ്റാഫ് യോഗം SMC യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
- അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്തലം, വ്യക്തിഗതം എന്നീ അടിസ്ഥാനത്തിൽ പദ്ധതി ലക്ഷ്യം പ്രവർത്തനം, കാലയളവ്, പ്രവർത്തനം, സാമ്പത്തിക സഹായം.
- കരട് രൂപ രേഖ, എസ്. ആർ. ജി, എസ്. എം. സി സ്റ്റാഫ് യോഗം എന്നിവർക്ക് മുമ്പിൽ അവതരിപ്പിക്കൽ
- ശില്പശാലയിൽ ഉയർന്നുവന്ന നിർഡദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
- ക്രോഡീകരിച്ച അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

## VII. മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- ഭാഷാ ശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പോഷണ പരിപാടി
- പാഠത്തിൽ നിന്ന് വിദ്യാലയത്തിലേക്ക്
- വായനാ പരിപോഷണം
- നാടകക്കളരി
- പാവനാടകം
- ജൈവ വൈവിധ്യ പാർക്ക്
- പഠന യാത്രകൾ
- കലാ - കായികമേള
- ഐ.ടി. പരിശീലനം
- ക്ലാസ് പി. ടി. എ സജീവമാക്കൽ
- പ്രവൃത്തി പരിചയ പഠനം

- ഒന്നൊരുക്കം
- പച്ചക്കറിത്തോട്ടം
- അഭിമുഖങ്ങൾ
- മെഡിക്കൽ ക്യാമ്പ്
- പോഷകാഹാര പരിപാടി
- ദിനാചരണം
- ഗവേഷണാത്മ പ്രവർത്തനങ്ങൾ
- കായിക പഠനം
- ഇന്ത്യയിലെ വിവിധ നൃത്തരൂപങ്ങൾ പരിചയപ്പെടുത്തുന്നു.
- വായന പരിപോഷണ പരിപാടി (ന്യൂസ് പേപ്പർ ഉപയോഗിച്ച്)

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**മേഖല – ഉദ്ഗ്രഥിതം**

**ആമുഖം**

ഒന്ന്, രണ്ട് ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും, അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല, സംയുക്ത ഡയറി, റീഡേഴ്സ് തിയറ്റർ, പാട്ടരങ്ങ്, മധുരം മലയാളം, രചനോത്സവം, ഭാഷോത്സവം, ക്ലാസ് പത്രം കായിക വിദ്യാഭ്യാസം, നാട്ടുവിശേഷം – കൂട്ടെഴുത്ത് എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം, കുട്ടികളുടെ ശാരീരികവും മാനസികവും, വൈകാരികവുമായ നേട്ടങ്ങൾ കൂടി ലഭിക്കുവാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

**ലക്ഷ്യങ്ങൾ**

1. എല്ലാകുട്ടികളുടേയും ആശയഗ്രഹണ വായന ഉറപ്പുവരുത്തുന്നു.
2. ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും, പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു.
3. എല്ലാ കുട്ടികളും തെറ്റില്ലാതെ വ്യവഹാരരൂപങ്ങൾ തയ്യാറെടുക്കാൻ കഴിവുള്ളവരാകുന്നു.
4. വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
5. ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം കഥ എന്നിവ തയ്യാറാക്കുന്നു.
6. ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും, ചൊല്ലുകയും ചെയ്യുന്നു. (കവിതാപൂരണം)
7. ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ആത്മ വിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം നൽകുന്നു. | മലയാളം - മാധുരം | II | ജൂൺ-മാർച്ച് | അധ്യാപകർ | |
| 2. | സ്വന്തം അനുഭവങ്ങൾ ക്രമ-ത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു. | സംയുക്ത ഡയറി | II | ജൂൺ - മാർച്ച് | ” | |
| 3. | താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർ-ത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു. | പാട്ടരങ്ങ് | ” | ജൂൺ - മാർച്ച് | | |
| 4. | രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ ഏർപ്പെടുന്നു. | റീഡേഴ്സ് തിയേറ്റർ | ” | ജൂലൈ - മാർച്ച് | ” | |
| | രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായന-ക്കാരായി മാറുന്നു. | റീഡേഴ്സ് തിയേറ്റർ | | | | |
| 5. | പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യത ഒരുക്കുന്നു. നിരീക്ഷണം മുതൽ പരീക്ഷണം വരെ-യുള്ള പ്രക്രിയ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർ-ത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു. | നാട്ടു വിശേഷം - കൂട്ടെഴുത്തു | | ജൂലൈ - മാർച്ച് | | |
| 6. | രചനാശേഷി പരിപോഷി-പ്പിക്കുന്നു ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും, കൗതുക കരവുമായി അവതരി-പ്പിക്കുന്നു. | ക്ലാസ് പത്രം | | ഓഗസ്റ്റ് മാസം മുതൽ ഓരോന്ന് വീതം | | |

| | | | | | |
|---|---|---|---|---|---|
| 7. | എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു. | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ മാസം തോറും | | |
| | രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടു-ത്തുന്നു. | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ മാസം തോറും | | |
| | ആത്മ വിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്ന-തിനുള്ള അവസരം ഒരുക്കുന്നു. | ഭാഷോത്സവം | ജനുവരി | | |
| | കുട്ടികളിൽ കായിക ശേഷി വർദ്ധിപ്പിച്ച് അവരെ ആരോ-ഗ്യമുള്ളവരാക്കി മാറ്റുന്നു. | കായിക വിദ്യാഭ്യാസം | ജൂൺ - മാർച്ച് | | |
| | എല്ലാ കുട്ടികളെയും ലളിത മായ ബാലസാഹിത്യ കൃതി കൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക | ഒന്നൊരുക്കം<br>ചിത്രക്കാർഡുകൾ | I ജൂൺ<br>ജൂൺ | അധ്യാപകർ<br>” | |
| | ആത്മവിശ്വസത്തോടെ സ്വതന്ത്രവായനയ്ക്ക് അവ-സരം | ക്ലാസ് ലൈബ്രറി | ജൂലൈ | | |
| | സ്വതന്ത്രമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു. | സ്വതന്ത്ര രചനയ്ക്ക് അവസരം | സെപ്റ്റംബർ | | |

**Academic Master Plan - English (Class I and II)**

| Activity | Aim | Duty | Duration | Finance |
|---|---|---|---|---|
| • Introduce Symbol words<br>• Provides picture cards<br>• Ensures comprehension through questions<br>• Introduces Sentences using auxi<br>• Encourages children to give simple answers when the teacher speaks in English<br>• Encourages children to describe events and objects Orally using given situations<br>• Identify familiar words<br>• Say familiar words<br>• Read familiar words<br>• Write familiar words<br>• Encouraging active listening<br>• Role play scenes<br>• Engage in simple physical activities<br>• Introduce action verbs through games and demonstrations. | • Respond to simple instructions in the class room<br>• Describe orally about the pictures and objects<br>• Familiarise with simple words.<br>• Get familiarised with expressions having auxillary function<br>• Describe events and objects orally using action verbs and words denoting physical attributes, location etc.<br>• Read and comprehend simple stories, songs and conversational pieces.<br>• Familiarise with simple words<br>• Develop the ability to listen to stories<br>• Pasticipate in story dramatisation or role play.<br>• Vocabulary development | Teacher<br>Teacher | June to March<br>July to March | |
| • Enjoy songs and sings them with Rhythm and action<br>• Describes orally about pictures and objects using adjectives<br>• Role play key dialogues from the story, focusing on expressing emotions through voice.<br>• Introduce sight words from the story using flash cards | • Respond orally to simple stories based on the story<br>• Use appropriate expressions and intination While reading dialogues aloud.<br>• Under stand and use theme-related words, descriptive words<br>• Complete sentences using words from the story | Teacher<br>Teacher | August to March<br>August to March | |

| | | | | |
|---|---|---|---|---|
| • Play, describing game<br>• Provide guided writing templates<br>• Teach Simple Songs or rhyms about birds and their village | • Participate in story dramatisation or role play | | | |
| • Read and write simple words and simple sentences<br>• Provides picture cards and reading cards.<br><br>• English magazine<br>• Introduce simple picture descriptions<br>• Make word chain, Sentence chain<br>• Make riddles<br>• Describing words, rhyming words<br>• Text book activities<br>• Writing activities | • Familiorise with simple words<br>Use appropriate<br>• expressions and while reading<br>• Develop writing skills.<br>• Describes and read about the pictures<br>• Develops writing skills | Teacher<br><br><br><br><br><br>Teacher | September to March<br><br><br><br><br>October to March | |
| • Prepare reading cards<br>• Provides more opportunities to read, write and speak English.<br>• Write five English words and sentence daily.<br>• Read and understand simple instructions in the class room<br>• Encourage digital reading<br>• Assembly Activities<br>• Use ICT | • Develops reading, writing and speaking skills in English<br><br><br>• Respond to instructions in the class room<br>• Develops the skills of digital reading<br>• Ability to read, Speak and write English in fluently | HM<br>Teacher<br>SMC<br><br><br>HM<br>Teacher<br>SMC | November to March<br><br><br>December to March | |
| • Enjoy songs and sings them Rhythm and action<br>• Make picture albums<br>Collect pictures of animals and its young ones<br>• Make word web, picture description, word chain sentence chain, develop story etc..<br>• Provide the opportunity to express myself in the class room<br>• English assembly | • Eamiliarise the names of birds, animals their young ones and identifies them from pictures<br>• Develops reading, writing and speaking skills in English<br><br>• Ability to speak, reac and write in English fluently | Teacher<br><br><br><br><br><br><br><br>Teacher<br>SMC | January to March<br><br><br><br><br><br>February to March | |
| • Read and Write simple sentences<br>• Picture reading and picture description.<br>• Speaks English fluently. | • Develop reading and writing proficiency | Teacher | March | |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**മേഖല : അക്കാദമികം**

**ഉപമേഖല : ഗണിതം**

**ക്ലാസ് : I & II**

**ആമുഖം**

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ടാണ് ഓരോ പദ്ധതിയും ലക്ഷ്യമിടുന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തന ത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്. എല്ലാ കുട്ടികളിലും ഗണിത ചിന്ത, യുക്തി ചിന്ത, വിശകലനം ശേഷി എന്നിവ വളർത്തുന്നതിലൂടെ വൈജ്ഞാനിക വികസനത്തിന് ഊന്നൽ നൽകു ന്നു.

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യത്യസ്തമായ പഠന നേട്ടങ്ങൾക്ക് അനുയോജ്യമായ ഗണിത കേളി-കളിൽ ഏർപ്പെടുന്നു. | കുട്ടികൾക്ക് ഗണിത കേളി കളിൽ താല്പര്യമുണ്ടാ-ക്കുന്നു. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ എസ്.ആർ.ജി | |
| കൂട്ടുകാരെ കണ്ടെത്താം (സങ്കലനം) | ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു. | | | |
| ഡോമിനോ കളികൾ (വ്യവകലനം) | യുക്തി ബോധം വളർത്തുന്നു. | | | |
| ബോൾ കളി (ഗുണനം) | | | | |
| 10 ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ സോഡാ കുപ്പിയുടെ അടപ്പ്, കളിനോട്ട് എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കൈയിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു. | ELPS മുഖേന ഗണിത ശേഷികൾ എളുപ്പത്തിൽ രസകരമാക്കുന്നതിന് ഗണിതം ആസ്വാദ്യകര-മാക്കുന്നതിന് | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| സംഖ്യാക്കാർഡ് തയ്യാറാക്കുന്നു. | | | | |
| പ്രായോഗിക - ഗണിത പ്രശ്നം പരിഹരിക്കൽ | പ്രായോഗിക പ്രശ്നം - നിർധാരണം ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ എസ്. ആർ. ജി | |
| ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കുന്നു. | സംഖ്യകളുടെ വ്യത്യസ്ത രീതിയിലുള്ള വ്യാഖ്യാനം സംഖ്യാബോധം | | | |
| ഒന്നു മുതൽ 100 വരെയുള്ള സംഖ്യകളുടെ വ്യാഖ്യാനം സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു. | | | | |
| സ്ഥാന - വില തിരിച്ചറിയൽ | | | | |
| 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. | സംഖ്യകൾ എണ്ണിയെടുക്കുന്നു എഴുതുന്നു, വായിക്കുന്നു | ആഗസ്റ്റ് മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | |
| കൂടുതൽ കുറവ് തിരിച്ചറിയുന്നു | സംഖ്യകളെ - ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു. | | | |
| ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തന-ങ്ങളിൽ ഏർപ്പെടുന്നു. | ഗണിത പ്രവർത്തനങ്ങളിൽ കൃത്യമായി ഏർപ്പെട്ട് പ്രശ്ന പരിഹരണം നടത്തുന്നു. | | | |
| സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ | സങ്കലന - വ്യവകലന ക്രിയകളിൽ ഏർപ്പെടുന്നു. | സെപ്റ്റംബർ മുതൽ | ക്ലാസ് ടീച്ചർ | |
| സംഖ്യകൾ തമ്മിൽ സങ്കലന - വ്യവകലന ക്രിയകൾ നടത്തൽ ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്. | | | | |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**വിഷയം : മലയാളം**

**ക്ലാസ് : III & IV**

**ആമുഖം**

കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ളതുമായ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്.

**ലക്ഷ്യം**

* കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

* വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും, എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക.

അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്താനുള്ള ശേഷി കൈവരിക്കൽ.

* ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **വായന :** കുട്ടികളുടെ ഭാഷാപര | പ്രീ-ടെസ്റ്റ് നടത്തി എഴുത്തിലും വായന- | ജൂൺ - ആദ്യം | അധ്യാപിക |
| മായ പിന്നോക്കാവസ്ഥ പരിഹരി- | യിലും പിന്നോക്കം നിൽക്കുന്നവരെ | | |
| ച്ച് മലയാളം തെറ്റുകൂടാതെയും | കണ്ടെത്തുന്നു. | | |
| അക്ഷര സ്ഫുടതയോടെയും | കുട്ടികൾക്ക് ലഘുവാക്യങ്ങൾ വായി | | |
| അനായാസമായി വായിക്കാൻ | ക്കാൻ നൽകുന്നു. അതിനായി വായന | ജൂൺ - ആഗസ്റ്റ് | അധ്യാപിക |
| കുട്ടികളെ പ്രാപ്തരാക്കുക. | കാർഡ് നൽകുന്നു. | | |
| | ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു. | ജൂൺ - 19 | അധ്യാപിക |
| | കളിമാസികകളും, കുഞ്ഞു കഥകളും | അധ്യയന വർഷം | |
| | ബാലമാസികകളും കൊണ്ട് ക്ലാസ് | മുഴുവൻ | അധ്യാപിക |
| | ലൈബ്രറി വികസിപ്പിക്കുകയും, | | |
| | ആകർഷമാക്കുകയും ചെയ്യുന്നു. | | |
| | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുന്നു. | ജൂലൈ - ആഗസ്റ്റ് | |
| | പത്രവായത്ത നോക്കി പ്രധാനവാർത്ത | അധ്യയന വർഷം | അധ്യാപിക |
| | കൾ കണ്ടെത്തി വായിക്കുന്നു. | മുഴുവൻ | |
| | ക്ലാസ് ലൈബ്രറിയിൽ നിന്നും | ജൂലൈ - ആഗസ്റ്റ് | അധ്യാപിക |
| | പുസ്തകം വീട്ടിൽ നൽകി അമ്മയെ- | | |
| | കൊണ്ട് വായിച്ചു കേൾപ്പിക്കാൻ | | |
| | (അമ്മ വായന) അവസരം നൽകുന്നു. | | |
| | ചിഹ്നങ്ങൾ ഒഴിവാക്കി വാക്കുകൾ | ജൂലൈ - ആഗസ്റ്റ് | |
| | നൽകുന്നു. അനുയോജ്യമായ ചിഹ്നം | | |
| | ചേർത്ത് വായിക്കുന്നു. | | അധ്യാപിക |
| | വായന കാർഡുകൾ നൽകി വായി- | | |
| | പ്പിക്കുകയും വായന കാർഡുകൾ | അധ്യയന വർഷം | |
| | തയ്യാറാക്കിക്കുകയും ചെയ്യുന്നു. | മുഴുവൻ | |
| | കുഞ്ഞു പുസ്തകങ്ങൾ വായിച്ചു | | |
| | തുടങ്ങുന്നു. (തെറ്റുകൂടാതെയും | | |
| | അക്ഷരസ്ഫുടതയോടെയും) | സെപ്റ്റംബർ | |
| **ലേഖനം :** വിവിധ വ്യവഹാര | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് | | |
| രൂപങ്ങൾ ആസ്വദിക്കാനും, | വിവിധ വ്യവഹാര രൂപങ്ങളിൽ | ജൂൺ | |
| എഴുതുവാനും ഉള്ള ശേഷി | രചനകൾ നടത്തുന്നു.പത്രവാർത്തയുമായി | | |
| വികസിപ്പിക്കുന്നു. | ബന്ധപ്പെട്ട ക്വിസ് നടത്തുന്നു. | | |
| | ജൂൺ 5 : പരിസ്ഥിതി ദിന പോസ്റ്റർ | | അധ്യാപിക |
| | പതിപ്പ് | | |
| | ജൂൺ 19 : വായന ദിന പോസ്റ്റർ | ജൂൺ | |
| | ജൂൺ 26 : ലഹരി വിരുദ്ധ പോസ്റ്റർ | ജൂൺ | |
| | ജൂലൈ 5 : ബഷീർ കൃതികൾ എഴുതൽ | ജൂലൈ | |
| | ആഗസ്റ്റ് 6 : സമാധാന സന്ദേശ പോസ്റ്റർ | ആഗസ്റ്റ് | |
| | ആഗസ്റ്റ് 15 : പോസ്റ്റർ, പതിപ്പ് | ആഗസ്റ്റ് | |
| | ആഗസ്റ്റ് 22 : നാട്ടറിവ് ദിനവുമായി ബന്ധ | ആഗസ്റ്റ് | |
| | പ്പെട്ട് നാടൻ ഭക്ഷ്യ വിഭവങ്ങൾ എഴുതൽ | ആഗസ്റ്റ് | അധ്യാപിക |
| | സെപ്തംബർ : (അധ്യാപക ദിനത്തിന്റെ | | |
| | പതിപ്പ് (ഡോ. എസ്. രാധാകൃഷ്ണൻ) | സെപ്റ്റംബർ | |

| | | | |
|---|---|---|---|
| | ഒക്ടോബർ 2 : ഗാന്ധിജയന്തി പോസ്റ്റർ, പതിപ്പ് | ഒക്ടോബർ | |
| | നവംബർ 1 : കേരളപിറവി പോസ്റ്റർ, പതിപ്പ് | നവംബർ | |
| | ഡിസംബർ 25 : ആശംസ കാർഡ് ഡയറി എഴുത്ത് | ഡിസംബർ | |
| | ജനുവരി 1 : ആശംസകാർഡ് | ജനുവരി | |
| വിവിധ വ്യവഹാരങ്ങളിൽ രചന നടത്താനുള്ള ശേഷി കൈവരിക്കൽ | ഡയറി എഴുത്ത് ശീലമാക്കുന്നു | അധ്യയന വർഷം മുഴുവൻ | |
| | അക്ഷരങ്ങൾ നൽകുന്നു അനുയോജ്യമായ ചിഹ്നം ചേർത്ത് എഴുതുന്നു. | | |
| | വാക്യങ്ങൾ ചിഹ്നം ഇടാതെ നൽകുന്നു. അനുയോജ്യമായ ചിഹ്നം ചേർത്ത് എഴുതിക്കുന്നു. | ജൂലൈ ആഗസ്റ്റ് | |
| | പദസൂര്യൻ നിർമ്മാണം പ്രവർത്തനം നൽകുന്നു. (പൂന്തോട്ടം, വീട്, കാട്, ഭൂമി.........) | ആഗസ്റ്റ് | |
| | ലഘുവിവരണം തയ്യാറാക്കിക്കുന്നു. | ആഗസ്റ്റ് | |
| | കവി പരിചയം, (പാഠപുസ്തകത്തിലെ കവികളുമായി നേരിട്ടുള്ള സംവാദം) | നവംബർ | |
| | ചിത്രം നൽകി വിവരണം എഴുതിക്കുന്നു | സെപ്തംബർ | |
| | ലളിതമായ കഥവായിച്ച് ചോദ്യം കണ്ടെത്തുന്നു, കലാരംഗത്തുള്ളവരുമായി അഭിമുഖം, വാക്യനിർമ്മാണം നൽകുന്നു. | സെപ്തംബർ ഒക്ടോബർ | അധ്യാപിക |
| | സംഭാഷണം എഴുതുന്നു. | | |
| | ഒരു വിഷയത്തെ അടിസ്ഥാനമാക്കി വിവരണം എഴുതുന്നു. | അധ്യയന വർഷം മുഴുവൻ | |
| **സർഗാത്മകത :** ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ ചിത്ര രചന, അഭിനയം, പ്രസംഗം കഥാപാത്ര ചിത്രീകരണം, പാവനാടകം, നൃത്താവിഷ്ക്കാരം, കവിത ചൊല്ലൽ, നാടകം......etc. | അധ്യയന വർഷം മുഴുവൻ | അധ്യാപിക |

**ക്രോഡീകരണം**

ഓരോ കുട്ടിയുടേയും പുരോഗതി പതിവായി നിരീക്ഷിക്കുകയും കുട്ടികളിലുണ്ടാകുന്ന മാറ്റങ്ങൾ രക്ഷിതാക്കളുമായി ചർച്ച ചെയ്യുകയും ചെയ്യുന്നു. ഓരോ ഘട്ടത്തിനു ശേഷവും ലളിതമായ പരീക്ഷകൾ നൽകി പഠന നിലവാരം വിലയിരുത്തുന്നു. വായിക്കാനുള്ള വേഗത, അക്ഷരത്തെറ്റ്, വാക്കുകൾ മനസിലാക്കാനുള്ള കഴിവ്, എന്നിവ മനസിലാക്കുന്നു. കുട്ടികൾക്ക് അവരുടെ തെറ്റുകൾ കണ്ടെത്തി തിരുത്താനുള്ള അവസരം ഒരുക്കുന്നു. ഇതിന്റെ വിജയത്തിനായി ഓരോ രക്ഷിതാക്കളുടേയും പൂർണ പങ്കാളിത്തം അനിവാര്യമാണ്.

## അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയം : പരിസരപഠനം**

**ആമുഖം**

കുട്ടികളിൽ പരിസരപഠനത്തിലൂടെ സമഗ്രവും ആസ്വാദ്യകരവുമായ പ്രവർത്തനങ്ങൾ ഉറപ്പാക്കുക വഴി കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന കഴിവുകളെ പുറത്തേക്ക് കൊണ്ടുവരാൻ കഴിയും. വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് പ്രാധാന്യം നൽകുന്നത്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹ ജീവി സ്നേഹം, അലിവ് ആർദ്രത, സഹിഷ്ണത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടിയെ ഉത്തമ പൗരൻമാരാക്കി മാറ്റാൻ കഴിയും.

**ലക്ഷ്യം**

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ഓരോ കുട്ടിയുടേയും കഴിവുകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക
- കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.
- ശാസ്ത്ര വിഷയത്തിൽ അഭിരുചിയും താൽപ്പര്യവും വളർത്തുക.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം<br>അറിവ് നിർമ്മാണം | പ്രകൃതി നടത്തം,<br>സസ്യങ്ങളെ സംരക്ഷിക്കൽ | ആവശ്യാ-<br>നുസരണം | ക്ലാസ്<br>ടീച്ചർ<br>SMC | |
| പ്രകൃതി സംരക്ഷണം | മണ്ണ്, ജലം, വായു എന്നിവ<br>സംരക്ഷിക്കുന്നതിന് ആവ-<br>ശ്യമായ പോസ്റ്ററുകൾ<br>സ്ഥാപിക്കുക<br>മഴക്കുഴി നിർമ്മാണം | ആഗസ്റ്റ്<br>സെപ്തം-<br>ബർ | അധ്യാപിക<br>SMC | SMC |
| | വിദ്യാലയത്തിലെ പ്ലാസ്റ്റി-<br>ക്കുകൾ ശേഖരിച്ച് ഹരിത<br>കർമ്മ സേനയ്ക്ക് നൽകൽ | വർഷം<br>മുഴുവൻ | ഹരിത<br>കർമ്മ<br>സേന | |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും<br>രസകരവുമാക്കൽ<br>ശാസ്ത്ര പ്രതിഭകളെ<br>അടുത്തറിയാം<br>ശാസ്ത്ര മാസികകൾ<br>വായിക്കൽ | വർഷം<br>മുഴുവൻ | H.M<br>SRG<br>ക്ലാസ്<br>ടീച്ചർ | |
| ഭൂപടമൊരുക്കാം<br>കേരളം, ഇന്ത്യ ഭൂപട<br>വായന<br>- **വിവിധ കലാരൂപങ്ങളെ പരി-<br>ചയപ്പെടുത്തുന്നു.** | ഭൂപട വായന<br>ഭൂപട രചന<br>സൂചിക പരിചയപ്പെടൽ<br>സൂചിക നിർമ്മാണം | വർഷ<br>ത്തിലൊന്ന് | SRG<br>ക്ലാസ്<br>ടീച്ചർ | |
| ശാസ്ത്ര വിസ്മയ ചുമർ,<br>ശാസ്ത്ര പഠനവുമായി<br>ബന്ധപ്പെട്ട വാർത്തകൾ<br>ചിത്രങ്ങൾ ഇവ പ്രദർ-<br>ശിപ്പിക്കൽ | ശാസ്ത്ര പഠനം രസകര-<br>മാക്കൽ | ആവശ്യാ-<br>നുസരണം | SRG<br>ക്ലാസ്<br>ടീച്ചർ | |
| വ്യക്തി ശുചിത്വം | കൈകഴുകൽ പരിശീലനം<br>പോസ്റ്റർ നിർമ്മാണം<br>ശുചിത്വ സന്ദേശങ്ങൾ<br>വിദ്യാലയത്തിന്റെ വിവിധ<br>ഭാഗങ്ങളിൽ പതിക്കൽ | ഒക്ടോബർ-<br>നവംബർ | അധ്യാപിക<br>കുട്ടികൾ | |
| ചെറുധാന്യങ്ങളുടെ<br>പ്രയോജനങ്ങൾ<br>തിരിച്ചറിയൽ | ധാന്യങ്ങളുടെ പ്രദർശനം<br>ഒരുക്കുന്നു.<br>ചെറുവയൽ രാമന്റെ<br>പുസ്തകം പ്രയോജന-<br>പ്പെടുത്തുന്നു | ഒക്ടോബർ | അധ്യാപിക | |
| **ശാസ്ത്രോത്സവം**<br>പഠന ഉൽപ്പന്നങ്ങളുടെ<br>പ്രദർശനം<br>(പതിപ്പ്, ചാർട്ട്, ആൽബം,<br>പഠനോപകരണം, പരീക്ഷണം) | ശാസ്ത്രപഠനത്തിലൂടെ<br>നേടിയ അറിവുകളുടെ<br>പ്രയോഗം | വർഷ<br>ത്തിലൊരിക്കൽ | H.M<br>SRG<br>ക്ലാസ് ടീച്ചർ | |
| **ശാസ്ത്ര മാസിക**<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ<br>അറിവുകളിലൂടെ ശാസ്ത്ര<br>മാസിക നിർമ്മാണം | അറിവുകളുടെ രചന | വർഷത്തിലൊ-<br>രിക്കൽ | H.M<br>SRG<br>ക്ലാസ്<br>ടീച്ചർ | |

## Academic Master Plan

## English

**Aim** : Ensure Comprehesive and enjoyable learning for students through English

: Recognise and nature the talent of each student.

: To increase vocabulary and writing skill of pupils.

| Activity | Aim | Duty | Duration | Finance |
|---|---|---|---|---|
| Game<br>Action Song<br>Hello English activity<br>Conversation<br>Skit, Stories arc ICT | - To develop listening skill and reading skill | Class Teacher | June to March | |
| Englsih Assembly | Ability to read speak and Write English in fluently | Class Teacher | 2 days in a week | |
| English Threatre<br>Presenting lessons in discources form (Skit drama Conversation story telling) | Developing Creativity | English Teacher | once in a month | |
| English Magazine | Development of Creative Writing Skills | H.M<br>Class Tr.<br>SMC | Once in every three months | |
| English Speaking Writing (day to dry english) (Each Module compled in one week) | - Ability to Speak read and write english fluently through familiar words. | English Teacher | Through the year | |
| English Reading Corner | - Develop reading and Writing proficiency | English Teacher | Through the year | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയം : ഗണിതം**

**ക്ലാസ് : III & IV**

**ആമുഖം**

ആസ്വദിച്ച് പഠിച്ചാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് 3, 4 ക്ലാസ്സുകളിൽ ഗണിത പഠനം അവതരിപ്പിക്കുന്നത്. കുട്ടികളുടെ താത്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്നവിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു.

**ലക്ഷ്യം**

* ചുറ്റുപാടുമുള്ള വിവിധ രൂപങ്ങളിൽ നിന്ന് ചതുരം, സമചതുരം, ത്രികോണം, വൃത്തം എന്നീ ആകൃതിയിലുള്ള രൂപങ്ങൾ തിരിച്ചറിയുന്നു. സവിശേഷതകൾ കണ്ടെത്തുന്നു. രൂപങ്ങൾ നിർമ്മിക്കുന്നു.

* 999 വരെയുള്ള സംഖ്യകളെ മൂന്നാം ക്ലാസ്സിലും 20000 വരെയുള്ള സംഖ്യകളെ നാലാം ക്ലാസ്സിലും വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.

* ചതുഷ്ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.

* ഗണിതപഠനം രസകരവും ലളിതവുമാക്കുക.

* മണിക്കൂർ, മിനിട്ട്, സെക്കന്റ് തുടങ്ങിയ സമയ ഏകകങ്ങൾ ഉപയോഗപ്പെടുത്തി സമയം കണ്ടെത്തുന്നു.

* കലണ്ടർ പരിചയപ്പെടുന്നു, സവിശേഷതകൾ തിരിച്ചറിയുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചുറ്റുപാടുമുള്ള വിവിധ രൂപ-ങ്ങളിൽ നിന്ന് ചതുരം, സമ-ചതുരം, ത്രികോണം, വൃത്തം എന്നീ ആകൃതിയിലുള്ള രൂപങ്ങൾ തിരിച്ചറിയുന്നു. സവിശേഷതകൾ കണ്ടെത്തു-ന്നു. രൂപങ്ങൾ നിർമ്മിക്കുന്നു. | ഇർക്കിലുകൾ, തീപ്പെട്ടി-ക്കമ്പുകൾ, കട്ടിക്കടലാസ്, ഫോം ബോർഡ്, വളകൾ ഇവ ഉപയോഗിച്ച് വിവിധ തരം രൂപങ്ങൾ വരയ്ക്കു-കയും നിർമ്മിക്കുകയും രൂപത്തിന്റെ സവിശേഷതകൾ കണ്ടെത്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. | ജൂൺ | CPTA | PTA |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം ആസ്വാദ്യകര മാക്കൽ | ക്ലാസ്സിൽ ഒരു കണക്കുപെട്ടി ഓരോ പാഠഭാഗത്തിനും ആവശ്യമുള്ള സാമഗ്രികൾ ഒരുക്കി ക്ലാസ്സിൽ പൊതു-വായും കുട്ടികൾക്ക് വ്യക്തി-ഗതമായും കണക്കുപെട്ടി സജ്ജമാക്കൽ | വർഷം മുഴുവൻ | SRG CPTA ക്ലാസ് ടീച്ചർ | PTA |
| 999 വരെയുള്ള സംഖ്യകളെ മൂന്നാം ക്ലാസ്സിലും 20000 വരെ-യുള്ള സംഖ്യകളെ നാലാം ക്ലാസ്സിലും വ്യത്യസ്ത രീതി-യിൽ വ്യാഖ്യാനിക്കാനും സംഖ്യാബോധം ഉളവാക്കാനും പ്രാപ്തരാക്കുന്നു. | നാണയങ്ങൾ, കളിനോട്ടുകൾ കമ്പുകെട്ടുകൾ, സംഖ്യാ സ്ട്രിപ്പുകൾ, അബാക്കസ് തുടങ്ങിയ വിവിധ സാമഗ്രികളുടെ സഹായ-ത്തോടെ സംഖ്യകളെ ഉറ-പ്പിക്കുന്നു. | ജൂലൈ-ഓഗസ്റ്റ്-സെപ്തം-ബർ | അധ്യാപിക കുട്ടികൾ | |
| ചതുഷ് ക്രിയകൾ ലളിത-മാക്കൽ | പാറ്റേണുകൾ (ഗണിതക്ലബ്ബ്) വിവിധതരം കളികൾ, ആസൂ-ത്രണം ചെയ്യൽ, നടപ്പാക്കൽ ഉദാ: ക്ലാസ്സിൽ ഒരു കച്ചവടം എ.ടി.എം, ഏണിയും പാമ്പും etc.. മനക്കണക്കുകൾക്ക് പ്രാധാന്യം നൽകൽ, ICT സാധ്യത ഉപയോഗപ്പെടുത്തൽ | വർഷം മുഴുൻ | ക്ലാസ് ടീച്ചർ | പി.ടി.എ |
| ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ | പ്രശ്നോത്തരി, പസിൽ ഒറിഗാമി രൂപങ്ങൾ ഉണ്ടാക്കൽ, ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ പാറ്റേണുകൾ etc. | മാസത്തി-ലൊരിക്കൽ | SRG ഗണിത ക്ലബ്ബ് | |
| മണിക്കൂർ, മിനിറ്റ്, സെക്കന്റ് തുടങ്ങിയ സമയ ഏകകങ്ങൾ ഉപയോഗപ്പെടുത്തി സമയം കണ്ടെത്തുന്നു. കലണ്ടർ സവിശേഷതകൾ മനസ്സിലാ-ക്കുന്നു. | ക്ലോക്ക് നിർമ്മാണം കലണ്ടർ തയ്യാറാക്കൽ ICT പ്രവർത്തനങ്ങൾ നടത്തൽ | സെപ്തംബർ ഒക്ടോബർ | ക്ലാസ്സ് ടീച്ചർ CPTA | |
| ഗണിത മേള | പ്രശ്നോത്തരി പസിൽ, പാറ്റേൺ പഠനോൽപ്പനങ്ങളുടെ പ്രദർശനം | വർഷത്തി ലൊന്ന് | SRG | PTA |

## അക്കാദമിക മാസ്റ്റർ പ്ലാൻ

**2025 – 26**

**മേഖല : അക്കാദമികം**

**ഉപമേഖല : അറബിക്**

**ക്ലാസ് : I & IV**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| **വായിക്കാം വളരാം**<br>I. വായനശേഷി വളർത്തൽ | -> അക്ഷരവായന<br>-> ചിത്രവായന<br>-> ക്ലാസ് വായന<br>-> ക്ലാസ് ലൈബ്രറി ഒരുക്കൽ<br>-> പുസ്തക പരിചയം<br>-> ലൈബ്രറി വായന<br>-> വായനക്കാർഡ്<br>-> മാഗസിൻ വായന<br>-> ഇ - വായന | I to II | ജൂൺ- മാർച്ച് | അധ്യാപിക | S.S.K. |
| **എഴുതാം തെളിയാം**<br>II. എഴുത്ത്, പരിപോഷിപ്പിക്കൽ | -> അക്ഷരങ്ങൾ ഉറപ്പിക്കൽ<br>-> ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>-> പദങ്ങൾ ഉറപ്പിക്കൽ<br>-> അക്ഷരങ്ങൾക്ക് നിറം നൽകൽ<br>-> ചുമർ പത്രിക<br>-> ചാർട്ടെഴുത്ത്<br>-> ലഘുപതിപ്പ് തയ്യാറാക്കൽ<br>-> കൂട്ടെഴുത്ത് | I to | ജൂൺ - മാർച്ച് | അധ്യാപിക | S.S.K. |
| **III. പദസമ്പത്ത് വർദ്ധിപ്പിക്കൽ** | -> അക്ഷരപ്പെട്ടി<br>-> പദനിർമ്മാണം<br>-> പദ കാർഡ്<br>-> അക്ഷരമാല<br>-> നിഘണ്ടു പരിചയം<br>-> അക്ഷരപാട്ട് (കവിത)<br>-> ICT<br>-> പദസൂര്യൻ | I to IV | ജൂൺ - മാർച്ച് | അധ്യാപിക | |
| **IV. ഭാഷാപഠന ശേഷികളുടെ** അവതരിപ്പിക്കൽ (സർഗ്ഗാത്മകത വളർത്തൽ) | അറബിക് അസംബ്ലി<br>സാഹിത്യോത്സവം (സ്കൂൾ തലം, സബ്ജില്ലാ- തലം) | I to IV | ജൂൺ - മാർച്ച് അധ്യ | അധ്യാപിക | |